**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1827** **12-09-2023 - ൽ മറുപടിയ്ക്ക്**

**വ്യാജ പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കി നിയമനം നേടിയതായുള്ള പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വ്യാജ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കി കോളേജുകളിൽ ഗസ്റ്റ് അദ്ധ്യാപക നിയമനം തേടുന്നതായ പരാതി ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | വ്യാജ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കി കോളേജുകളിൽ ഗസ്റ്റ് അദ്ധ്യാപക നിയമനം തേടുന്നതായി പരാതികൾ ലഭിച്ചിട്ടില്ല. എന്നാൽ അട്ടപ്പാടി സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, കിനാനൂർ, കരിന്തളം സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് എന്നിവിടങ്ങളിൽ ഗസ്റ്റ് അദ്ധ്യാപക നിയമനത്തിനുള്ള അഭിമുഖത്തിൽ വ്യാജ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വ്യാജരേഖ ഉണ്ടാക്കാൻ സഹായിച്ചവരെ കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഇത് സംബന്ധിച്ച് പോലീസ് അന്വേഷണം നടന്നു വരുന്നു. |
| (സി) | വ്യാജരേഖ തിരിച്ചറിയുന്നതിൽ കോളേജ് അധികൃതർക്ക് വീഴ്ച ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശം നൽകുമോ; | (സി) | അട്ടപ്പാടി സർക്കാർ ആർട്സ് & സയൻസ് കോളേജിൽ ഗസ്റ്റ് അദ്ധ്യാപക നിയമനത്തിനുള്ള അഭിമുഖത്തിന് ഹാജരാക്കിയ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് വ്യാജമാണെന്ന് പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. തുടർന്നുള്ള പരിശോധനയിൽ കാസർഗോഡ്, കിനാനൂർ, കരിന്തളം സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിലും ഗസ്റ്റ് അദ്ധ്യാപക നിയമനത്തിനുള്ള അഭിമുഖത്തിന് വ്യാജ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരുന്നതായി കണ്ടെത്തുകയുണ്ടായി. പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിക്കുന്നതിൽ കാസർഗോഡ്, കിനാനൂർ, കരിന്തളം സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് അധികൃതർക്ക് ശ്രദ്ധക്കുറവ് ഉണ്ടായിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് വകുപ്പ് തല അന്വേഷണവും പോലീസ് അന്വേഷണവും നടന്നു വരുന്നു. |
| (ഡി) | വ്യാജരേഖ ഹാജരാക്കി അധ്യാപക ജോലി | (ഡി) | ഗസ്റ്റ് അധ്യാപക നിയമനത്തിന് വ്യാജ രേഖ |

| | | | |
|---|---|---|---|
| | നേടിയവരിൽ നിന്നും വേതനം തിരിച്ചു പിടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ? | | ഹാജരാക്കി ജോലി നേടിയ അദ്ധ്യാപികയിൽ നിന്നും ടിയാരി ഗസ്റ്റ് അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ച കാലയളവിൽ കൈപ്പറ്റിയ വേതനം തിരിച്ചു പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് പ്രാഥമിക അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ